തൊഴിലില്ലായ്മ.

*666. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ചു ഈ രാജ്യത്തെ തൊഴിലില്ലായ്മ എത്രമാത്രം പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി സാമാന്യമായ വല്ല കണക്കും ഗവണ്മെൻറിനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര?

കാർഷികരംഗത്തു്,

വ്യവസായരംഗത്തു്,

അഭ്യസ്തവിദ്യരുടെ ഇടയിൽ?

മുഖ്യമന്ത്രി (ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ചു തൊഴിലില്ലായ്മ എത്രയുണ്ടു് പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി സാമാന്യമായ ചില കണക്കുകളുണ്ടു്.

(ബി) മൊത്തത്തുക്കയായ 132 കോടി രൂപയുടെ പ്ലാൻ അനുസരിച്ചു് കാർഷികരംഗത്തു് ഏകദേശം 62,133 ആളുകൾക്കും വ്യവസായരംഗത്തു് 4,41,528 ആളുകൾക്കും അഭ്യസ്തവിദ്യരായ 28,778 ആളുകൾക്കും തൊഴിൽ നൽകുന്നതിനു് സാധിക്കുമെന്നു് കണക്കെടുത്തിട്ടുണ്ടു്. ഇതിനും പുറമേ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് ഏതെല്ലാം നടപടികൾ എടുക്കണമെന്നുള്ളതിനെക്കുറിച്ചു് ആലോചിച്ചുവരുന്നുണ്ടു്. അതിനു പ്ലാനിംഗ് കമ്മീഷനുമായി ഗ്രാൻറ് കിട്ടാനിടയുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : ഇതു് സ്റ്റേറ്റ് പ്ലാനിംഗ് അനുസരിച്ചാണോ കേന്ദ്രത്തിൻറെ നേരിട്ടുള്ള പ്ലാനിംഗ് അനുസരിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു് സ്റ്റേറ്റ് പ്ലാനിംഗ് അനുസരിച്ചാണു്. കേന്ദ്രപ്ലാനിംഗ് അനുസരിച്ചു് തൊഴിലില്ലായ്മ കുറേക്കൂടി പരിഹരിക്കാൻ സാധിക്കും.

ശ്രീ. ടി. കെ. ദിവാകരൻ : ഭേദഗതിചെയ്ത പ്ലാനിംഗ് അനുസരിച്ചു് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള കണക്കെടുത്തിട്ടുള്ളതു് റെക്കറിംഗ് ആയിട്ടുള്ളതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. ടി. കെ. ദിവാകരൻ : പ്ലാനിംഗ് കഴിഞ്ഞിട്ടും നാലുലക്ഷം ആളുകൾക്കു് തുടർച്ചയായി തൊഴിൽ കിട്ടുമെന്നാണോ പ്രതീക്ഷിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. പി. ഭാസ്കരൻനായർ : ഇവിടത്തെ തൊഴിലില്ലായ്മയെ സംബന്ധിച്ചു് സമഗ്രമായ ഒരു കണക്കെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതു് കഴിഞ്ഞ ബഡ്ജറ്റ് വിമർശനവേളയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോർജ്ജ് : പുതുക്കിയ പ്ലാൻ അനുസരിച്ചു് എത്ര പേക്കു് തൊഴിലുകൊടുക്കാൻ സാധിക്കുമെന്നു് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. 137 കോടി രൂപയനുസരിച്ചു് ഉള്ള കണക്കെടുത്തിട്ടുണ്ടു്. അതു് അനുസരിച്ചു് 75 കോടി രൂപയുടെ പ്ലാനിൻപ്രകാരം എത്രപേക്കു് തൊഴിലുകൊടുക്കാൻ സാധിക്കുമെന്നു് കണക്കെടുത്തിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : 75 കോടി രൂപയുടെ കണക്കു് അനുസരിച്ചു് തൊഴിലില്ലായ്മ കുറയുമെന്നു് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഒരു കണക്കെടുക്കാത്തതുകൊണ്ടു് തൊഴിലില്ലായ്മ കുറയുമെന്നു് ഉദ്ദേശിക്കുന്നില്ല.

SHRI P. S. NATARAJA PILLAI : May I know whether there is any absolute figure for the total number of unemployed in 1952.

SHRI PANAMPILLI GOVINDA MENON : No, Sir.

അക്രഡിറ്റേഷൻ കമ്മിറ്റി.

* 667. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിൽ വക്കിംഗ് ജേർണലിസ്റ്റുകൾക്കും പത്രമുടമകൾക്കും തുല്യപ്രാധാന്യമുള്ള ഒരു അക്രഡിറ്റേഷൻ കമ്മിറ്റിയെ നിയമിക്കണമെന്നു് വക്കിംഗ് ജർണലിസ്റ്റ് അസോസിയേഷനിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ സ്റ്റേറ്റിൽ വക്കിംഗ് ജേർണലിസ്റ്റുകൾക്കും പത്രമുടമകൾക്കും തുല്യപ്രാധാന്യമുള്ള ഒരു അക്രഡിറ്റേഷൻ കമ്മിറ്റിയെ നിയമിക്കണമെന്നു് വക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷനിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുള്ള അക്രെഡിറ്റേഷൻ കമ്മിറ്റിയുടെ മാതൃകയിൽ ഒരു കമ്മിറ്റി നിയമിക്കണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ : ഇതിൽ മെംബറന്മാർ ആരെല്ലാമാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേന്ദ്രഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ളതിൻറെ മാതൃകയിൽ ഒരു കമ്മിറ്റി ഇവിടെ രൂപീകരിക്കണമെന്നു് ഉദ്ദേശിക്കുന്നു എന്നാണു പറഞ്ഞതു്. അതിൽ മെംബറന്മാർ ആരെല്ലാമായിരിക്കുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly